**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1653** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇതിലൂടെ സംസ്ഥാനത്തിന്റെ കാർഷിക, ഭക്ഷ്യ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ലക്ഷ്യമിട്ടിരുന്നത്; വിശദാംശം നൽകുമോ; | (എ) | ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന ജനകീയ ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.<br><br>എല്ലാ കേരളീയരിലും കാർഷിക സംസ്കാരം ഉണർത്തുക, ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപ്പാദനത്തിൽ പങ്കാളിയാകുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക, ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തുക, കാർഷിക മേഖലയിലെ മൂല്യ വർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക, പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക, കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷിക കൂട്ടായ്മയിലൂടെ 3 ലക്ഷം തൊഴിലവസരങ്ങൾ 2026-ഓടുകൂടി സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നീ മാറ്റങ്ങൾ വരുത്താനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>സംസ്ഥാനത്തെ കാർഷിക സ്വയം പര്യാപ്തതയിലേക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ **കൃഷിക്കൂട്ടങ്ങൾ** (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം) ഉല്പാദന- സേവന- മൂല്യവർദ്ധന- വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുകയും പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാർഷികോല്പാദന, വിപണന, മൂല്യവർദ്ധിത മേഖലകളിൽ എന്തെല്ലാം | (ബി) | പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി കാർഷികോല്പാദന, സേവന / വിപണന / മൂല്യവർദ്ധിത മേഖലകളിലായി |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; പദ്ധതിയുടെ ഭാഗമായി കൃഷിക്കൂട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; പദ്ധതി നടപ്പാക്കിയതിലൂടെ പുതിയതായി തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | | കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 23569 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് അവയ്ക്ക് AIMS രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ ഈ കൃഷിക്കൂട്ടങ്ങളിൽ 1000 മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങൾക്കും 200 സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്കും പ്രത്യേക സഹായം നൽകിയിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളെ ചേർത്ത് കർഷക ഉല്പാദന സംഘടനകളും രൂപീകൃതമായിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലൂടെ 2026-ഓടുകൂടി 3 ലക്ഷം തൊഴിലവസരങ്ങളാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 1 ലക്ഷം തൊഴിലവസരങ്ങൾ മേഖലയിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ